I/73692/2022

**തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, ആലപ്പുഴ**
ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ്
*(ഹാജർ : ശ്രീ. ജോസഫ് കെ. എഫ്.)*

വിഷയം – ജില്ലാ നഗരാസൂത്രണ കാര്യാലയം, ആലപ്പുഴ – കായംകുളം നഗരസഭ- കീരിക്കാട് വില്ലേജ്- ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മാണത്തിന് കൺകറൻസ് നൽകി ഉത്തരവാകുന്നു.

പരാമർശം– ശ്രീ. ജയകുമാർ പി. എൻ., മാനേജർ, അസെൻഡ് ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ്, കൊച്ചി-യുടെ 13.10.2022-ലെ അപേക്ഷ.

**ഉത്തരവ് നമ്പർ TCPALP/1338/2022-C/ കെ.ഡിസ് തീയതി : 02-11-2022**

കായംകുളം നഗരസഭ 44-ആം വാർഡിൽ, കാർത്തികപ്പള്ളി താലൂക്കിൽ, കീരിക്കാട് വില്ലേജിൽ, ബ്ലോക്ക് നമ്പർ 31-ൽ, സർവ്വേ നമ്പർ 60/2, 189 എന്നിവയിൽ ഉൾപ്പെട്ട 17.63 Ares മൊത്തം പ്ലോട്ട് ഏരിയ വരുന്ന ശ്രീ. ബിജു വി., വിജയ ഭവനം, കായംകുളം എന്നയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തു ലീസിനെടുത്ത 1.44 Ares വസ്തുവിൽ നിർദിഷ്ട 40 മീറ്റർ ഉയരമുള്ള മൈക്രോവേവ് ടവർ നിർമ്മിക്കുന്നതിന് വേണ്ടി അസെൻഡ് ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ കമ്പനിക്ക് KMBR 2019 ചട്ടങ്ങൾ പ്രകാരം താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കൺകറൻസ് നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. അപേക്ഷകന്റെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം, നിർമാണാവകാശം, സർവ്വേ നമ്പറുകൾ, അളവുകൾ, വിസ്തീർണ്ണം എന്നിവ സംബന്ധിച്ച ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഈ ഓഫീസിൽ പരിശോധനാ വിധേയമാക്കിയിട്ടില്ല. ആയതിനാൽ KMBR 2019 ചട്ടം 9(2) പ്രകാരം ആയത് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചും സ്ഥലപരിശോധന നടത്തിയും നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
2. 2008 ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ നിയമം, 2018 ലെ കേരളാ നെൽവയൽ / നീർത്തട സംരക്ഷണ (ഭേദഗതി) നിയമം എന്നിവയുടെ പരിധിയിൽ വരുന്നില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
3. പുറമ്പോക്ക് ഭൂമിയുടെ കയ്യേറ്റമില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
4. പ്രസ്തുത സ്ഥലത്ത് നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
5. KMBR 2019 ചട്ടം 22(4) പ്രകാരം സ്വാഭാവിക ജല നിർഗമന മാർഗ്ഗങ്ങൾ അടഞ്ഞുപോകുന്നില്ല എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
6. സൈറ്റ് പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ നിർമ്മാണ സ്ഥലത്ത് ലഭ്യമാക്കിയിരിക്കണം.
7. KMBR 2019 ചട്ടം 84 (4), (5), (6), (7) പ്രകാരമുള്ള ക്രമീകരണങ്ങൾ നിർദിഷ്ട നിർമാണത്തിന് നൽകിയിട്ടുണ്ട് എന്ന് നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
8. നിർദിഷ്ട നിർമ്മാണം സമീപ വസ്തുക്കളിലെ കെട്ടിടങ്ങളുടെ സുരക്ഷയെ ബാധിക്കരുത്.

I/73692/2022

9. മറ്റ് ഏജൻസികളിൽ നിന്ന് നിരാക്ഷേപപത്രം/ അനുമതികൾ ആവശ്യമെങ്കിൽ ആയതു നേടിയിട്ടുണ്ടെന്നു നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
10. പ്രസ്തുത നിർമ്മാണം KMBR 2019 ലെ ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിയ്ക്കണം.

***യൂസേജ് ഓഫ് പ്ലോട്ട് / ലേ-ഔട്ട് അംഗീകാരം മാത്രമാണ് ഈ ഓഫീസിൽ നിന്നും നൽകുന്നത്. ഇത് ഒരു കെട്ടിട നിർമ്മാണാനുമതിയല്ല. ആയത് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും നിയമാനുസൃതം വാങ്ങേണ്ടതാണ്.***

(അംഗീകരിച്ച കൺകറൻസ് നമ്പർ : 08/2022 )

Signed by
Joseph K F
Date: 02-11-2022 14:57:20

**ടൗൺ പ്ലാനർ**
**ആലപ്പുഴ**

ശ്രീ. ജയകുമാർ പി. എൻ.,
മാനേജർ,
അസെൻഡ് ടെലികോം ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്,
കൊച്ചി.

പകർപ്പ് :

1) സെക്രട്ടറി, കായംകുളം നഗരസഭ ( സാക്ഷ്യപ്പെടുത്തിയ പ്ലാനുകൾ സഹിതം)
2) കരുതൽ ഫയൽ
3) അധികം.